Kerala Homestay and Tourism Society
Reg No: ER 99/08

Kerala Homestay & Tourism Society

ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി,

വിഷയം : ഹോംസ്റ്റേകൾക്ക് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തിയത് സംബന്ധിച്ച്.

സംസ്ഥാനത്ത് ടൂറിസം മേഖലയിൽ സേവന സന്നദ്ധയോടെ, മാതൃകാപരമായ പ്രവർത്തനം നടത്തുന്ന ഹോംസ്റ്റേകൾക്ക് ധനകാര്യ ബില്ലിലൂടെ ലക്ഷ്വറി ടാക്സ് ഏർപ്പെടുത്തിയിരിക്കുന്നത് അങ്ങേയററം നിരാശ ജനകവും ദ്രോഹകരവുമാണ്.

മൂന്നു മുറിയിൽ അധികവും ആയിരം രൂപയിൽ കൂടുതലുമുള്ള ഹോംസ്റ്റേകൾക്ക് അരശതമാനമാണ് നികുതി നിർദ്ദേശം, ഭാവിയിൽ ഇത് വർദ്ധിപ്പിക്കുമെന്ന് ന്യായമായും സംശയിക്കുന്നു.

സംസ്ഥാനത്തെ 341 അംഗീകൃത ഹോംസ്റ്റേകളിൽ പകുതിയിലേറെയും മൂന്നു മുറിയിൽ താഴെയാണ്. ഇവർക്ക് ടൂറിസം സീസണിൽ അടക്കം, പലപ്പോഴും അമ്പത് ദിവസംപോലും പ്രവർത്തനമില്ല. ഒരു ഹോംസ്റ്റേയിൽ നിന്ന് വർഷത്തിൽ 500 മുതൽ 1000 രൂപ വരെയാണ് പുതിയ നികുതി നിർദ്ദേശം വഴി സമാഹരിക്കാൻ കഴിയുക. ഇത് വളരെ തുച്ഛമാണെന്ന കാര്യം അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ.

അന്യ സംസ്ഥാനങ്ങൾ ലക്ഷ്വറി ടാക്സ് കുറച്ചുകൊണ്ട് ടൂറിസം മേഖലയെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കെ കേരളം ഇത്തരമൊരു നികുതി കൊണ്ടു വന്നത് ടൂറിസം മേഖലയ്ക്ക് ഗുണകരമല്ല.

നികുതി സംബന്ധിച്ച സൂചനകൾ വന്ന സന്ദർഭത്തിൽ ഇക്കാര്യങ്ങൾ അങ്ങേയുടെയും, ടൂറിസം മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. നികുതി ഒഴിവാക്കണമെന്ന നിർദ്ദേശം ടൂറിസം വകുപ്പ് മുന്നോട്ട് വച്ചതായും മനസ്സിലാക്കുന്നു. അത് മറികടന്ന് കൊണ്ടാണ് പുതിയ നിർദ്ദേശം.

ഹോംസ്റ്റേകൾക്കുള്ള വൈദ്യുതി ചാർജ്ജ് "ഏഴ് എ" താരിഫിൽ ഉൾപ്പെടുത്തുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നികുതി ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തതിന് പിന്നാലെയാണ് ഈ നികുതി നിർദ്ദേശം. സംസ്ഥാന സർക്കാരിന്റെയോ ടൂറിസം വകുപ്പിന്റെയോ യാതൊരു സഹായവും ഇല്ലാതെയാണ് ഹോംസ്റ്റേകളുടെ പ്രവർത്തനം. സഞ്ചാരികൾക്ക് കുറഞ്ഞ ചിലവിൽ താമസവും അഭ്യസ്ത വിദ്യർക്ക് ഒരു ചെറുവരുമാനവും എന്നതാണ് ഹോംസ്റ്റേകളുടെ സങ്കൽപ്പത്തിന് പിന്നിൽ. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾ കേരള ടൂറിസത്തിന്റെ അഭിമാനവുമാണ്. അടുത്ത 5 വർഷം കൊണ്ട് അയ്യായിരം ഹോംസ്റ്റേകൾ എന്ന സർക്കാർ ലക്ഷ്യം ഈ നികുതി നിർദ്ദേശത്തോടെ തകർക്കപ്പെടുകയാണ്.

Chairman - Prof. K V Thomas MLA - 9847077150 | Vice President - Jagadish Kumar - 9846044211
Director - M P Sivadathan - 9349253124 | Technical Expert - Dr. K Muraleedhara Menon - 9387812067

Avittom, 16/239 C, Main Road Tripunithura - 682 301, Ernakulam, Kerala. Email: keralahats@gmail.com

കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈററി തന്നെ മുൻകൈ എടുത്ത് വിവിധ സ്ഥലങ്ങളിൽ ഹോംസ്റ്റേകൾ തുടങ്ങാൻ സംരംഭകരെ പ്രാപ്തരാക്കി കൊണ്ടിരിക്കുകയാണ്. നികുതി പിരിവിന്റെ ഭാഗമായി വാണിജ്യ നികുതി ഉദ്യോഗസ്ഥർ വീടുകളിൽ പരിശോധന നടത്തുകയും സംരംഭകരെ ദ്രോഹിക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷവും ഉണ്ടാവുമെന്ന് സംരംഭകർ ന്യായമായും സംശയിക്കുന്നു.

ഇത്തരമൊരു നികുതി നിർദ്ദേശം ഇല്ലാതെ തന്നെ എറണാകുളത്തും, കൊല്ലത്തുമുള്ള ഏതാനും ഹോംസ്റ്റേകളിൽ നികുതി ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നു. ഇത് ടൂറിസം മേഖലയ്ക്ക് ഒട്ടും തന്നെ ഗുണമല്ലെന്ന് ഓർമ്മിപ്പിക്കുന്നു.

ടൂറിസത്തിന്റെ ഗുണഫലങ്ങൾ എല്ലാവർക്കും ലഭിക്കുകയും, ഗ്രാമീണ ജനങ്ങളുടെ വരുമാനം ഉയർത്തി അവരെ സ്വയം പര്യാപ്തമാകണമെന്ന അങ്ങയുടെ ഉന്നത ലക്ഷ്യത്തിന് ഒട്ടും ഗുണകരമല്ല ഈ നികുതി നിർദ്ദേശം. ഹോംസ്റ്റേകൾ ബഹുഭൂരിപക്ഷവും ഗ്രാമങ്ങളിലാണ്. സഞ്ചാരികൾക്കൊപ്പം ഇതിന്റെ ഗുണഭോക്താക്കൾ ഏറെയും ഗ്രാമീണ ജനങ്ങളാണ്. ഗ്രാമീണ വിഭവങ്ങൾ ഏററവും കൂടുതൽ വിററഴിക്കപ്പെടുന്നതും ഹോംസ്റ്റേകൾ വഴിയാണ്. വാർഷിക ഗ്രാന്റ് അടക്കം പരമാവധി സഹായം നൽകി സംരക്ഷിക്കേണ്ട ഹോംസ്റ്റേകളെ തകർക്കുന്ന നികുതി നിർദ്ദേശം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**കെ.വി. തോമസ് എം.എൽ.എ**
ചെയർമാൻ
കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈററി

കൊച്ചി
14-08-2008

കോപ്പി :

1) ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ബഹു. ടൂറിസം മന്ത്രി
2) മാരപാണ്ഡ്യൻ
സെക്രട്ടറി, നികുതി വകുപ്പ്
3) ഡോ. വി. വേണു
സെക്രട്ടറി, ടൂറിസം
4) എം. ശിവശങ്കർ
ഡയറക്ടർ, ടൂറിസം